# 1972–ലെ വാർഷികപ്പരീക്ഷ–മത്സരപ്പരീക്ഷ

# പ്രോഗ്രാം––നിർദ്ദേശങ്ങൾ

## 1972 നവംബർ

**19 ഞായർ 2 മണി മുതൽ 4 വരെ.**

I, III എന്നീ ക്ളാസ്സുകൾക്കും
V, VI, VII, VIII എന്നീ ക്ളാസുകളിലെ I പേപ്പറും
IX ലെ പരീക്ഷയും ഉണ്ടായിരിക്കും.

**26 ഞായർ 2 മണി മുതൽ 4 വരെ.**

II, IV എന്നീ ക്ളാസുകൾക്കും
V, VI, VII, VIII എന്നീ
ക്ളാസിലെ II പേപ്പറിനും
പരീക്ഷ ഉണ്ടായിരിക്കും

## പരീക്ഷാനിർദ്ദേശങ്ങൾ

1) എല്ലാ ക്ലാസ്സുകളിലെയും ചോദ്യക്കടലാസ്സുകൾ കേന്ദ്രത്തിൽനിന്നും ഭദ്രാസനഡയറക്ടറെ ഏല്പിക്കുന്നതും, അവരിൽനിന്നും ഇൻസ്പെക്ടറന്മാരും, ഇൻസ്പെക്ടറന്മാരിൽനിന്ന് ഹെഡ്മാസ്റ്ററന്മാരും ഏററുവാങ്ങിക്കൊള്ളേണ്ടതുമാകുന്നു.

2) അതതു സ്കൂളിലെ 10–ാം ക്ലാസ്സ് ഒഴികെയുള്ള എല്ലാ ക്ലാസ്സുകളിലെയും ഉത്തരക്കടലാസ്സുകൾ H. M. ന്റെ ചുമതലയിൽ പരിശോധിച്ച് ക്ലാസ്സുകയററം കൊടുക്കാവുന്നതാകുന്നു.

3) ഓരോ ക്ലാസ്സിലും പരീക്ഷയ്ക്കു ചേന്നവർ, ജയിച്ചവർ, മത്സരപ്പരീക്ഷയ്ക്കു ചേരുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ എന്നിവ കാണിക്കുന്ന ഫാറം പൂരിപ്പിച്ച് H. M. ഡിസംബർ 5–നകം ഇൻസ്പെക്ടറെ ഏല്പിക്കേണ്ടതാകുന്നു. (ഫാറം ചോദ്യക്കടലാസ്പാക്കററിലുണ്ടായിരിക്കും).

4) 10–ാം ക്ലാസ്സ് പരീക്ഷ മത്സരപ്പരീക്ഷയോടുകൂടി നടത്തപ്പെടുന്നതാകുന്നു. (72 ഡിസം. 31–ാം തീയതി 1.30 മണി മുതൽ 4 മണി വരെ).

## മത്സരപ്പരീക്ഷ

1) 1972 ഡിസംബർ 31–ാം തീയതി 1.30 മണി മുതൽ 4 മണി വരെ 5—8 വരെ ക്ലാസ്സുകളിൽ I–ഉം, II–ഉം ചേർത്തുള്ള ഒരു പേപ്പറും, 9–ലും, 10–ലും ഒരു പേപ്പർ മാത്രവും.

2) 5—9 വരെ ക്ലാസ്സുകളിൽ സമ്മാനാർഹരാകുമെന്ന് അതതു സ്കൂൾ H. M. ന് അഭിപ്രായമുള്ള രണ്ടു വിദ്യാർത്ഥികളുടെ പേരുകളും മററു വിവരങ്ങളും മുൻപറഞ്ഞ ഫാറത്തിൽ ഡിസംബർ 5–നകം ഹെഡ്മാസ്റ്റർ ഇൻസ്പെക്ടർക്ക് അയയ്ക്കേണ്ടതുമാകുന്നു.

3) മത്സരപ്പരീക്ഷാ ഉത്തരക്കടലാസ്സുകൾ ഇൻസ്പെക്ടറുടെ ചുമതലയിൽ പരിശോധിക്കേണ്ടതും ഓരോ ക്ലാസ്സിലും ഏററവും കൂടുതൽ മാർക്കു കിട്ടിയ രണ്ടു ഉത്തരക്കടലാസ്സുകൾ മാത്രം ഇൻസ്പെക്ടർ, ഡയറക്ടർ ജനറലിന്റെ പേർക്ക് ജനുവരി 15–നകം അയയ്ക്കേണ്ടതും, അതിനു ശേഷം വരുന്നവ സ്വീകരിക്കപ്പെടുന്നതല്ലാത്തതുമാകുന്നു.

10–ാം ക്ലാസ്സ് ഉത്തരക്കടലാസ്സുകൾ പബ്ളിക്കേഷൻ ഓഫീസറുടെ പേർക്ക് ജനു. 1–ാം തീയതിതന്നെ ദേവലോകം, കോട്ടയം–4 എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാകുന്നു

4) പരീക്ഷാസെൻററുകൾ സൌകര്യംപോലെ നിശ്ചയിക്കുന്നതിന് ഇൻസ്പെക്ടർക്ക് അധികാരമുള്ളതാകുന്നു. അവയുടെ ഉത്തരവാദിത്വവും, സൂപ്രണ്ടന്മാരെ നിയമിക്കാനുള്ള അധികാരവും അദ്ദേഹത്തിനുണ്ടായിരിക്കുന്നതുമാകുന്നു. സെൻററുകൾ നേരത്തെ D. G. യെ അറിയിച്ചിരിക്കേണ്ടതാകുന്നു.

O. S. S. A. E. Office,
Kottayam-4.
15-10-72

നിങ്ങളുടെ സഹപ്രവർത്തകൻ,
കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്ക്കോപ്പാ.
(ഡയറക്ടർ ജനറൽ)

Marthoman E Library